# O.S.S.A.E.

## വാർഷിക പരീക്ഷ 2016

Class VIII 04-12-2016, Sunday 11 AM to 1 PM Marks 50

**പേര് എഴുതുക (1–5)** 5

1. നാഥാൻ പ്രവാചകൻ സത്യ അനുതാപത്തിലേക്കു നയിച്ച രാജാവ്.
2. യൂദാ ഇസ്കര്യോത്താവിനു പകരം അപ്പോസ്തല സ്ഥാനത്തേക്കു തെരഞ്ഞെടുക്കപ്പെട്ട ആൾ.
3. യോശിയാവിന് അരുളപ്പാടു നൽകിയ പ്രവാചിക.
4. ആശിക്കുന്നതിന്റെ ഉറപ്പും കാണാത്തതിലുള്ള നിശ്ചയവും ഏറ്റവും കൂടുതലുള്ളത്.
5. പഠനവീടുസ്ഥാപകൻ.

**ബ്രാക്കറ്റിൽനിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക (6–10)** 5

6. ഉറങ്ങാൻ പോകുന്നതിനു മുൻപുള്ള ദാവീദു രാജാവിന്റെ പ്രാർത്ഥനാഗീതം ഏത്?
   (4-ാം സങ്കീർത്തനം, 51-ാം സങ്കീർത്തനം, 121-ാം സങ്കീർത്തനം)
7. ഇസബേലിനെ ഭയന്ന് ഏലിയാവു പോയ പർവ്വതം.
   (താബോർ, ഹോറേബ്, കർമ്മേൽ)
8. അത്തിപ്പഴംകൊണ്ട് ഹിസ്കിയാവിന്റെ രോഗം സുഖപ്പെടുത്തിയ ആൾ.
   (ഏലിയാവ്, യശയ്യാവ്, അഹിയ)
9. 'മാലാഖമാരുടെ സ്തുതിപ്പ്' എന്ന പ്രാർത്ഥന ഏതു യാമത്തിലാണ് പ്രാർത്ഥിക്കുന്നത്?
   (സൂത്താറ, സന്ധ്യ, രാത്രി)
10. ദൈവമാതാവ് മുതൽ നമ്മുടെ കാവൽപിതാക്കന്മാർവരെയുള്ള സകല പരിശുദ്ധന്മാരെയും ശുദ്ധിമതികളെയും ഓർക്കുന്ന തുബ്ദേൻ. (3, 4, 5)

**താഴെ കൊടുത്തിരിക്കുന്ന പ്രസ്താവന ശരിയോ തെറ്റോ എന്നു എഴുതുക (11–15)** 5

11. യഹൂദ സുന്നഗോഗുകളിലെ പ്രാർത്ഥനയുടെ മാതൃകയിൽ ആദിമസഭ പ്രാർത്ഥനകൾ ചിട്ടപ്പെടുത്തിയിരുന്നു.
12. ഫിലിപ്പോസ് ആദ്യം സുവിശേഷം അറിയിച്ചതു കൈസര്യയിലായിരുന്നു.
13. എല്ലാ കുക്കിലിയോനും തുടങ്ങുന്നത് സങ്കീർത്തനഭാഗത്തോടെയാണ്.
14. നാലും ഒൻപതും നൂറ്റാണ്ടുകളിലാണ് സുപ്രധാന കുടിയേറ്റങ്ങൾ മലങ്കരസഭയിൽ സംഭവിച്ചത്.
15. വാങ്ങിപ്പോയവർ ദൈവപുത്രനെ കേട്ട് മനംതിരിയുവാൻ സാധിക്കുന്ന അവസ്ഥയിൽ അല്ല.

**താഴെ പറയുന്ന വാചകങ്ങൾ ആര് ആരോടു പറഞ്ഞു (16–20)** 5

16. "ദാവീദിൽ ഞങ്ങൾക്ക് എന്ത് ഓഹരിയാണുള്ളത്."
17. "നീ വായിക്കുന്നത് ഗ്രഹിക്കുന്നുവോ?"
18. "നിങ്ങൾ ഉയരത്തിൽനിന്നുള്ള ശക്തി ലഭിക്കുവോളം യരുശലേമിൽത്തന്നെ പാർപ്പിൻ."
19. "അകൃത്യം നീങ്ങി പാപങ്ങൾക്ക് പരിഹാരം വന്നു."
20. "ഇപ്പോഴോ അവർ വിശുദ്ധർ ആകുന്നു."

**ഏറ്റവും അനുയോജ്യമായ രീതിയിൽ ചേർത്ത് എഴുതുക (21–25)** 5

| | | |
|---|---|---|
| 21. | ബ്രഹ്മവാർ-ഗോവ മിഷൻ | ദിവന്നാസ്യോസ് II |
| 22. | ഉസ്സിയാവ് | ശാലേം |
| 23. | മൽക്കീസദേക്ക് | യശയ്യാ പ്രവാചകൻ |
| 24. | സഭാ ജ്യോതിസ് | മിലാൻ വിളംബരം |
| 25. | കുസ്തന്തീനോസ് | ദിവന്നാസ്യോസ് V |

**ഒറ്റവാക്കിൽ ഉത്തരം എഴുതുക (26-30)** 5

26. വിജാതീയർക്കും സഭയിലേക്കു ചേരുവാനുള്ള വാതിൽ തുറന്നുകിട്ടിയത് ആരുടെ പ്രവർത്തനം മൂലമാണ്?
27. നാം പരിശുദ്ധാത്മാവിന്റെ ആലയമായിത്തീരുന്നതെങ്ങനെ?
28. 'ചാർത്തും നീതിയെ' എന്നു തുടങ്ങുന്ന ഗീതത്തിൽ ആരെ ഓർത്തിട്ടാണ് നിന്റെ അഭിഷിക്തന്റെ നേരെ മുഖം തിരിച്ചു കളയാതിരിക്കേണ്ടത്?
29. വിശ്വാസപ്രമാണത്തിലെ ആദ്യത്തെ രണ്ടു ഖണ്ഡികകൾ രൂപീകരിച്ചത് ആരുടെ വേദവിപരീതത്തിനെതിരെയാണ്?
30. പൗരസ്ത്യ ആത്മീയതയുടെ അടിത്തറ?

**ഒറ്റ വാചകത്തിൽ ഉത്തരം എഴുതുക (31-35)** 10

31. കപ്പദോക്യൻ പിതാക്കന്മാർ ആരെല്ലാം?
32. യോശിയാവ് ന്യായപ്രമാണപ്രകാരം ജീവിച്ചു. എന്നിട്ടും യരുശലേമിന്റെ നാശത്തിന് ഇടയാക്കിയ കാരണമെന്ത്?
33. ലോകം എങ്ങും പോയി സുവിശേഷിക്കുവാൻ ശിഷ്യന്മാരെ പ്രാപ്തരാക്കിയത് എന്ത്?
34. വാങ്ങിപ്പോയവർ എന്താണു ചെയ്തുകൊണ്ടിരിക്കുന്നത്?
35. യഥാർത്ഥ പൗരബോധത്തിന്റെ അടയാളം എന്താണ്?

**താഴെ കൊടുത്തിരിക്കുന്ന വേദഭാഗം വായിച്ച് കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക (36-39)** 4

"കൈസര്യയിൽ ഇത്താലിക എന്ന പട്ടാളത്തിൽ കൊർന്നല്യോസ് എന്നു പേരുള്ളൊരു ശതാധിപൻ ഉണ്ടായിരുന്നു. അവൻ ഭക്തനും തന്റെ സകല ഗൃഹത്തോടുംകൂടെ ദൈവത്തെ ഭയപ്പെടുന്നവനുമായി ജനത്തിനു വളരെ ധർമ്മം കൊടുത്തും എപ്പോഴും ദൈവത്തോടു പ്രാർത്ഥിച്ചും പോന്നു. അവൻ പകൽ ഏകദേശം ഒമ്പതാം മണിനേരത്ത് ഒരു ദർശനത്തിൽ ഒരു ദൈവദൂതൻ തന്റെ അടുക്കൽ അകത്തുവരുന്നത് സ്പഷ്ടമായി കണ്ടു. 'കൊർന്നല്യോസേ' എന്ന് തന്നോടു പറയുന്നതും കേട്ടു. അവൻ അവനെ ഉറ്റുനോക്കി ഭയപരവശനായി: എന്താകുന്നു കർത്താവെ എന്നു ചോദിച്ചു. നിന്റെ പ്രാർത്ഥനയും ധർമ്മവും ദൈവത്തിന്റെ മുൻപിൽ എത്തിയിരിക്കുന്നു. ഇപ്പോൾ യോപ്പയിലേക്ക് ആളയച്ചു പത്രോസ് എന്നു മറുപേരുള്ള ശീമോനെ വരുത്തുക. അവൻ തോല്ക്കൊല്ലനായ ശീമോൻ എന്ന ഒരുവനോടുകൂടെ പാർക്കുന്നു."

36. കൊർന്നല്യോസ് ഏതു പട്ടാളത്തിലെ ശതാധിപനായിരുന്നു.
37. കൊർന്നല്യോസ് ദർശനത്തിൽ എന്താണു കണ്ടത്?
38. ദൈവമുൻപാകെ എന്താണ് എത്തിയിരിക്കുന്നത്?
39. ആരെ വരുത്താനാണ് ദൈവദൂതൻ പറഞ്ഞത്?

**താഴെ കൊടുത്തിരിക്കുന്ന പ്രാർത്ഥനയുടെ വിട്ടുപോയ ഭാഗം ചേർത്ത് പ്രാർത്ഥന പൂർണ്ണമാക്കുക** 3

40. 'അത്യുന്നതങ്ങളിൽ സ്വർഗ്ഗീയ മാലാഖമാർ സ്തുതിക്കുന്നതുപോലെ .................. യേശുമിശിഹായായ നീ മാത്രം കർത്താവാകുന്നു.

**താഴെ പറയുന്ന ഗീതം എഴുതുക** 3

41. 'നിർമ്മല മദ്ബഹായിൽ.........................
ഓർത്തുമുഖപ്രഭ ഏകേണമെ.'